"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പരേതയായ ഭദ്രാമണി തമ്പുരാന്റെ (PPO No.KTM8873 & PLA21) പതിനൊന്നാം പെൻഷൻ പരിഷ്കരണ കുടിശ്ശിക നിയമാനുസൃത അവകാശികൾക്ക് ജീവകാല കുടിശ്ശികയായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

G.O.(Rt)No.9058/2026/FIN തീയതി,തിരുവനന്തപുരം, 26-11-2026

പരാമർശം:- 1. 12/02/2021-ലെ സ.ഉ.(അച്ചടി) നം.30/2021/ധന.

2. 02/06/2021-ലെ സ.ഉ.(അച്ചടി) നം.80/2021/ധന.

3. 15/09/2025-ലെ സ.ഉ.(അച്ചടി) നം.115/2025/FIN.

4. ട്രഷറി ഡയറക്ടറുടെ 25/10/2026-ലെ നം. TRY/4263/2026-P1 കത്ത്.

ഉത്തരവ്

ഒൻപതാം പെൻഷൻ പരിഷ്കരണ നിരക്കിൽ സർവ്വീസ് പെൻഷനും (PPO No. KTM8873) കുടുംബ പെൻഷനും (PPO No. PLA21) കൈപ്പറ്റി വന്നിരുന്ന ഭദ്രാമണി തമ്പുരാൻ 21/03/2025-ന് മരണപ്പെട്ടതിനെത്തുടർന്ന്, ടിയാളുടെ 01/07/2019 മുതൽ 31/03/2025 വരെയുള്ള പതിനൊന്നാം പെൻഷൻ പരിഷ്കരണ കുടിശ്ശിക ജീവകാല കുടിശ്ശികയായി അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് അനന്തരാവകാശികൾ അപേക്ഷ സമർപ്പിച്ചിരുന്നതായും ,പരേതയായ പെൻഷണർ ജീവിച്ചിരുന്നപ്പോൾ പത്താം പെൻഷൻ പരിഷ്കരണത്തിന് യഥാസമയം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാലും, പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 5(b) പ്രകാരമുള്ള സത്യവാങ്മൂലം ട്രഷറിയിൽ സമർപ്പിച്ചിട്ടില്ലാതിരുന്നതിനാലും പതിനൊന്നാം പെൻഷൻ പരിഷ്കരണ പ്രകാരം ടിയാളുടെ പെൻഷൻ പരിഷ്കരിച്ച് നൽകിയിരുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നതിനോടൊപ്പം ടിയാളുടെ 01/07/2019 മുതൽ 31/03/2025 വരെയുള്ള പതിനൊന്നാം പെൻഷൻ പരിഷ്കരണ കുടിശ്ശിക ഇനത്തിൽ സർവ്വീസ് പെൻഷൻ കുടിശ്ശിക ₹2,78,359/- ആയും,

കുടുംബ പെൻഷൻ കുടിശ്ശിക ₹1,15,416/- ആയും കണക്കാക്കി പ്രസ്തുത തുക നിയമാനുസൃത അവകാശികൾക്ക് ജീവകാല കുടിശ്ശികയായി വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതിയ്ക്കായി ട്രഷറി ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരേതയായ പെൻഷണർ ജീവിച്ചിരുന്നപ്പോൾ പത്താം പെൻഷൻ പരിഷ്കരണത്തിന് അപേക്ഷ സമർപ്പിച്ചിരുന്നില്ല. അതിനാൽ 21/03/2025-ൽ മരണപ്പെടുന്നത് വരെയും ഒൻപതാം പെൻഷൻ പരിഷ്കരണ നിരക്കിലാണ് സർവ്വീസ് പെൻഷനും കുടുംബ പെൻഷനും കൈപ്പറ്റി വന്നിരുന്നത്. പരാമർശം(1) ഉത്തരവിലെ ഖണ്ഡിക 21.2 പ്രകാരം, മുൻ പെൻഷൻ പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള പെൻഷൻ പരിഷ്കരണത്തിന് അപേക്ഷ സമർപ്പിക്കാതെയിരിക്കുകയും പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന് അപേക്ഷ സമർപ്പിക്കുകയും ചെയ്യുന്നവരുടെ പെൻഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച പെൻഷൻ പരിഷ്കരണ ഉത്തരവുകൾക്ക് അനുസരിച്ച് സാങ്കൽപ്പികമായി പരിഷ്കരിക്കേണ്ടതും 01/07/2019 മുതലുള്ള കുടിശ്ശിക മാത്രം നൽകേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 5(b) പ്രകാരമുള്ള സത്യവാങ്മൂലം 31/12/2021-ന് മുൻപായി സമർപ്പിക്കാത്തവർക്ക് 01/07/2019 മുതലുള്ള കുടിശ്ശിക ആദ്യം അനുവദനീയമായിരുന്നില്ല. എന്നാൽ, പിന്നീട് പുറപ്പെടുവിച്ച പരാമർശം(3) ഉത്തരവ് പ്രകാരം, നിശ്ചിത സമയപരിധിക്കുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കാൻ കഴിയാതെ പോയ പെൻഷണർമാർക്കും സത്യവാങ്മൂലം സമർപ്പിക്കുന്ന മുറയ്ക്ക് , 01/07/2019 മുതലുള്ള പതിനൊന്നാം പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

3. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 5 (b) പ്രകാരമുള്ള സത്യവാങ്മൂലം പരേതയായ പെൻഷണർ ജീവിച്ചിരുന്നപ്പോൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നില്ലെങ്കിലും, പെൻഷണർ മരണപ്പെട്ട സാഹചര്യത്തിൽ അധികമായി കൈപ്പറ്റിയ തുക തിരികെ അടയ്ക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന പ്രസ്തുത സത്യവാങ്മൂലത്തിന് നിലവിൽ പ്രസക്തിയില്ല. ആയതിനാൽ, പരേതയായ ഭദ്രാമണി തമ്പുരാന് 01/07/2019 മുതൽ 31/03/2025 വരെ അർഹതപ്പെട്ട പതിനൊന്നാം പെൻഷൻ പരിഷ്കരണ കുടിശ്ശികയായ ആകെ ₹3,93,775/- (മൂന്നു ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി എഴുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) (സർവ്വീസ് പെൻഷൻ കുടിശ്ശിക ₹2,78,359/- + കുടുംബ പെൻഷൻ കുടിശ്ശിക ₹1,15,416/-), നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നാലു തുല്യ പ്രതിമാസഗഡുക്കളായി, നവംബർ 2026 മുതൽ നിയമാനുസൃത അവകാശികൾക്ക് ജീവകാല കുടിശ്ശികയായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

കടിശ്ശിക തുകയുടെ കൃത്യത ട്രഷറി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASANKAR K G

ADDITIONAL SECRETARY

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

2. അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്-II), കേരളം, തിരുവനന്തപുരം.

3. ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

6.ശ്രീമതി സത്യഭാമ എൻ. കൃഷ്ണം ഹൗസ്, കുമാരനല്ലൂർ പി.ഒ., പെരുമ്പായിക്കാട് വില്ലേജ്, കോട്ടയം.

7. ശ്രീമതി ശോഭ എൻ, കൃഷ്ണം ഹൗസ്, കുമാരനല്ലൂർ പി.ഒ., പെരുമ്പായിക്കാട് വില്ലേജ്, കോട്ടയം.

8. നോഡൽ ഓഫീസർ, www.finance.kerala.gov.in .

9. കരുതൽ ഫയൽ / ഓഫീസ് കോപ്പി (E-3686289).

ഉത്തരവിൻ പ്രകാരം

Digitally signed by
Sujeev S J
Date: 26-11-2026
14:28:02

സെക്ഷൻ ഓഫീസർ